*03-06-2026*
*Adjournment motion*

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

മി. സ്പീക്കർ: നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ കാലാകാലങ്ങളായി നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തപ്പെടുന്നതായി പറയപ്പെടുന്ന സ്ഥലംമാറ്റ നടപടികൾ സർക്കാർ ജീവനക്കാരുടെ മനോവീര്യം തകർക്കുകയും അവരിൽ ആശങ്കയുളവാക്കുകയും ചെയ്തിരിക്കുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ജോയി, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം 25-02-2017-ലെ സർക്കാർ ഉത്തരവ് നം. 3/2017/പി & എ.ആർ.ഡി പ്രകാരം വ്യവസ്ഥകൾക്കുവിധേയമായാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരമേറ്റതിനെത്തുടർന്ന് ഭരണപരമായ സൗകര്യാർത്ഥം നടക്കുന്ന സ്വാഭാവിക സ്ഥലംമാറ്റങ്ങളും റിട്ടയർമെന്റുമൂലമുള്ള മാറ്റങ്ങളും മാത്രമാണ് നടത്തിയിട്ടുള്ളത്. ജീവനക്കാരുടെ മനോവീര്യം തകർക്കുന്ന രീതിയിലോ, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലോ യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാർ സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഭരണക്രമം സുഗമമാക്കുന്നതിനുമുള്ള നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും ജീവനക്കാർക്ക് ഇക്കാര്യത്തിൽ പരാതികളുള്ളപക്ഷം ആയത് അനുഭാവപൂർവം പരിഗണിച്ച് പരിഹാരമുണ്ടാക്കുന്നതിന് സർക്കാർ തയ്യാറാണെന്ന കാര്യവും സഭയെ അറിയിക്കുന്നു. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഗൗരവമുള്ള കാര്യമല്ല.

ശ്രീ. വി. ജോയി: സർ, വളരെ ഗുരുതരമായ ഒരു സാഹചര്യം സംജാതമായതിനാലാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം നൽകുന്നത്. കേരളത്തിൽ സർക്കാർ ജീവനക്കാരും അധ്യാപകരുമായി ഏതാണ്ട് അഞ്ചുലക്ഷത്തി

ഇരുപതിനായിരത്തിലധികം പേർ ജോലി ചെയ്യുകയാണ്. സർക്കാർ ജീവനക്കാരെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അന്യായമായി സ്ഥലം മാറ്റപ്പെടുകയാണ്. വളരെ ഗുരുതരമായിട്ടുള്ള രോഗമുള്ളവർ, കാൻസർപോലുള്ള രോഗത്തിന് ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നവർ, വിരമിക്കാൻ ദിവസങ്ങൾ മാത്രമുള്ളവർ, വനിതകൾ, ക്ലാസ് ഫോർ ജീവനക്കാർ തുടങ്ങി പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെപ്പോലും ദൂരസ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചല്ലോ; ഭരണപരമായ സൗകര്യം പറഞ്ഞ് വേണ്ടപ്പെട്ടവർക്കുവേണ്ടി അവർ ആവശ്യപ്പെടുന്ന സ്ഥലത്തേയ്ക്ക് മാറ്റം കൊടുക്കുകയാണ്. യഥാർത്ഥത്തിൽ 33 വകുപ്പുകളിലായി 207 ഉത്തരവുകളാണ് കഴിഞ്ഞ ദിവസങ്ങളിൽ നൽകിയിട്ടുള്ളത്. ഈ സർക്കാർ വന്നിട്ട് ദിവസങ്ങൾ മാത്രമാണായിട്ടുള്ളത്. ഏതാണ്ട് 1982 പേരെയാണ് സ്ഥലംമാറ്റി ഉത്തരവിറക്കിയിരിക്കുന്നത്. ഭരണപക്ഷത്ത് വനിതാ മന്ത്രിമാരും ബന്ധപ്പെട്ടവരുമെല്ലാമുണ്ടല്ലോ; 310 വനിതകളെയും 38 ക്ലാസ് ഫോർ ജീവനക്കാരെയും ദൂരസ്ഥലങ്ങളിലേക്ക് മാറ്റി നിയമിച്ചിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ സ്ഥലം മാറ്റങ്ങളെ സംബന്ധിച്ചിടത്തോളം 2017-ലെ മാനദണ്ഡങ്ങളെക്കുറിച്ച് പറഞ്ഞു. അത് വളരെ സമഗ്രവും സുതാര്യവുമാണ്. വളരെ സുതാര്യമായും ഓൺലൈൻവഴിയുമായാണ് ട്രാൻസ്ഫറുകൾ യഥാർത്ഥത്തിൽ ഇവിടെ നടന്നുവന്നിരുന്നത്. ഓൺലൈനിൽ നടന്നുവന്നിരുന്ന ട്രാൻസ്ഫറിനെയാണ് ഇപ്പോൾ ഇങ്ങനെ നടത്തുന്നത്. കേരളത്തിൽ ഒരു ഭരണമാറ്റമുണ്ടായി എന്നതുകൊണ്ട് എല്ലാം അട്ടിമറിക്കുകയാണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത തരത്തിലാണ് ജീവനക്കാരെ ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ചില കാര്യങ്ങൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 2026 മേയ് 4-നാണ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലം പുറത്തുവരുന്നത്. ആ ഫലം വന്നുകൊണ്ടിരിക്കുമ്പോൾതന്നെ എൻ.ജി.ഒ അസോസിയേഷന്റെ നേതാക്കന്മാർ ഡിപ്പാർട്ടുമെന്റിൽ ട്രാൻസ്ഫർ നടത്തുന്നതിനായി ഉന്നത ഉദ്യോഗസ്ഥന്മാർക്ക് കത്ത് കൊടുക്കുകയാണ്. ഇത്

എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ; കേരളത്തിന്റെ ചരിത്രത്തിലുണ്ടോ? മേയ് 5-ാം തീയതി ട്രാൻസ്ഫർ ഓർഡർ ഇറക്കുകയാണ്. യഥാർത്ഥത്തിൽ അപ്പോൾ കാവൽ മന്ത്രിസഭയാണുള്ളത്. സർക്കാർ അധികാരത്തിൽ വരുന്നത് മേയ് മാസം 18-നാണ്. പക്ഷേ ട്രാൻസ്ഫർ ഓർഡറുകൾ പരിശോധിക്കുമ്പോൾ സർക്കാർ അധികാരമേൽക്കുന്നതിനുമുമ്പ് ട്രാൻസ്ഫറുകളെല്ലാം നടത്തിയിട്ടുള്ള അതീവ ഗുരുതരമായിട്ടുള്ള സാഹചര്യമാണ് കാണാൻ കഴിയുന്നത്. ഇത്തരത്തിൽ നാണം കെട്ടൊരു പണി യഥാർത്ഥത്തിൽ യു.ഡി.എഫ്. ചെയ്യേണ്ടതായിട്ടുണ്ടോ? മേയ് 18-ാം തീയതി നിങ്ങൾ അധികാരമേറ്റു. അതിനുശേഷം നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ സ്ഥലം മാറ്റൂ. പക്ഷേ 2017-ലെ ട്രാൻസ്ഫർ മാനദണ്ഡങ്ങളനുസരിച്ച് നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ സ്ഥലം മാറ്റാൻ സാധിക്കില്ല. എങ്കിലും ഭരണപരമെന്നൊക്കെ പറഞ്ഞ് വേണമെങ്കിൽ സ്ഥലം മാറ്റാൻ സാധിക്കും. പക്ഷേ അധികാരമേൽക്കുന്നതിനുമുമ്പ് ട്രാൻസ്ഫർ ചെയ്യുക എന്നുപറയുന്നത് അതീവഗുരുതരമായിട്ടുള്ള നാണംകെട്ട പരിപാടിയാണെന്നത് നിങ്ങൾ മനസ്സിലാക്കണം. സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി ഞാൻ ചില കാര്യങ്ങൾ പറയാം. പൊതുവിദ്യാഭ്യാസ വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം വന്നു. 05-05-2026-ൽ പൊതുവിദ്യാഭ്യാസ വിദ്യാഭ്യാസ വകുപ്പിൽനിന്നും ട്രാൻസ്ഫർ ഓർഡർ ഇറക്കി. അതിന്റെ വിഷയം എന്തായിരുന്നു? ട്രാൻസ്ഫറിന്റെ പരാമർശം ഈ ഓർഡറിലുണ്ട്. എൻ.ജി.ഒ. അസോസിയേഷൻ തിരുവനന്തപുരം സൗത്ത് ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീ. മുഹമ്മദ് റൗഫ് സമർപ്പിച്ചതാണ് അപേക്ഷ. ഇതാണ് സ്ഥിതി. മന്ത്രി വന്നില്ല. ഗവൺമെന്റ് വന്നില്ല. എൻ.ജി.ഒ. അസോസിയേഷന്റെ സൗത്ത് ജില്ലാ ജോയിന്റ് സെക്രട്ടറി കൊടുത്ത ഒരു കത്തിന്റെ അടിസ്ഥാനത്തിൽ ആറ് പേരുടെ ട്രാൻസ്ഫർ ഓർഡർ ഇറക്കി. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഒരു ഗതികെട്ട കാലമുണ്ടായിട്ടുണ്ടോയെന്നുള്ളത് നിങ്ങൾ പരിശോധിക്കു. ഇനി അതിനെക്കാളും ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഈ ആറുപേരുടെ ട്രാൻസ്ഫർ നടത്തുന്നതിനായുള്ള ഉത്തരവിൽ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് രഞ്ജൻ രാജ് എന്നാണ്. ഇപ്പോൾ ഈ രഞ്ജൻ രാജ് എവിടെയാണ്; ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി

ജോലി ചെയ്യുകയാണ്. വേണ്ടപ്പെട്ട ആളുകളെ ഇരുത്തി മന്ത്രിസഭ വരുന്നതിനുമുമ്പ് ഓർഡറുണ്ടാക്കി ആറുപേരെ ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. നിങ്ങൾ ഈ കാര്യങ്ങളിൽ കാണിച്ചിരിക്കുന്നത് ഏറ്റവും വലിയ ഗതികേടല്ലേ. ഇത് വിഷയദാരിദ്ര്യമാണോ; രണ്ടായിരത്തോളം വരുന്ന ജീവനക്കാരെ, കാൻസർ രോഗികളെ, പെൻഷനാകാൻ ഒന്നോ രണ്ടോ ദിവസം ഉള്ള ആളുകളെപ്പോലും തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തത് വിഷയ ദാരിദ്രത്തിന്റെ ഭാഗമായിട്ടാണോ? വിഷയ ദാരിദ്ര്യം ഉണ്ടായിരുന്നൊരു സമയം ഉണ്ടായിരുന്നു നിങ്ങൾക്ക്. ഞാൻ അതിലേക്ക് പോകുന്നില്ല. ഇനിയുമുണ്ട്. മേയ് അഞ്ചാം തീയതിതന്നെ കേരള എൻ.ജി.ഒ. അസോസിയേഷൻ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗത്തിന്റെ 04-05-2026-ലെ കത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് ആളുകളെ ട്രാൻസ്ഫർ ചെയ്തു. ഇത് ഉത്തരവാണ്. ഭരണം മാറിയാൽ എന്തും ചെയ്യുമോ....... ശ്രീ. അൻവർ സാദത്ത് പറയൂ, നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി എന്തും ചെയ്യുമോ?

<u>മി. സ്പീക്കർ</u>: അങ്ങോട്ടുമിങ്ങോട്ടും തർക്കിക്കാതെ കാര്യത്തിലോട്ട് വരൂ.

<u>ശ്രീ. വി. ജോയി</u>: സർ, എന്തും ചെയ്യുമെന്ന് പറഞ്ഞാൽ ഞങ്ങൾ അംഗീകരിച്ചു. എത്രയെത്ര ഓർഡറുകളാണ് നിങ്ങളിവിടെ ഇറക്കിയിരിക്കുന്നത്. കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ കാണാത്ത നഗ്നമായ ഒരു നടപടിക്രമമാണ് നിങ്ങളിക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. സംഘടനാ നേതാക്കൾ ലെറ്റർ പാഡിൽ എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ നടത്തുന്നൊരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. എന്നാൽ ഇന്ന് സംഘടനാ നേതാക്കൾ ലെറ്റർ പാഡിൽ എഴുതി നൽകിയാൽ ട്രാൻസ്ഫർ നടത്തുന്നൊരു കാലഘട്ടമായി യു.ഡി.എഫ്.-ന്റെ ഭരണം മാറിയെന്നത് നിങ്ങൾ മനസ്സിലാക്കണം.

കേരളത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത തരത്തിൽ സീറ്റിന് ലേലം വിളിക്കുകയാണ്. ആ ലേലത്തിന്റെ ഭാഗമായിട്ടുകൂടെയാണിവിടെ ട്രാൻസ്ഫറുകൾ നടക്കുന്നത്, അഴിമതിയാണിത്. പക്ഷെ നിങ്ങൾ ചെയ്യുന്ന ഈ ട്രാൻസ്ഫറുകളെല്ലാം ആരെങ്കിലുമൊരാൾ പരിശോധിക്കണമല്ലോ? ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അവയെല്ലാം നിരന്തരമായി സ്റ്റേ ചെയ്തിരിക്കുകയാണ്. നിങ്ങൾ കാണിക്കുന്ന ഈ വൃത്തികേടുകൾ......

<u>മി. സ്പീക്കർ</u>: ശ്രീ. വി. ജോയി, പത്ത് മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ജോയി: സർ, ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയാനുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ഇപ്പോൾ ഈ സഭയിലില്ല. പൊലീസ് അസോസിയേഷന്റെ ജില്ലാ ട്രഷറർ ആയ ജില്ലാ ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ ജോലി നോക്കുന്ന ഒരു സിവിൽ പോലീസ് ഓഫീസറെ അദ്ദേഹം അസോസിയേഷന്റെ ഭാരവാഹി ആയതിനാൽ ദ്രോഹിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ജില്ലാ ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ നിന്ന് ആര്യങ്കോട് പോലീസ് സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ചെയ്തുകൊണ്ടൊരു ഓർഡർ ഇറക്കി. അദ്ദേഹം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് പ്രസ്തുത ഓർഡറിന് സ്റ്റേ സമ്പാദിച്ചു. എന്നാൽ ഇന്നലെ വൈകുന്നേരം സിംഗിൾ ഓർഡറിൽ അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. നിങ്ങൾ എന്തും ചെയ്യുമെന്നൊരു സാഹചര്യമാണിവിടെയുള്ളത്, അത് നിങ്ങൾ മനസ്സിലാക്കണം.

മി. സ്പീക്കർ: ശ്രീ. വി. ജോയി, കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ജോയി: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. പത്തും പതിനഞ്ചും വർഷങ്ങളായി ജോലി നോക്കിവരുന്ന താൽക്കാലിക ജീവനക്കാരെയൊക്കെ പിരിച്ചുവിടുകയാണെന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കുന്നു. നിങ്ങൾ നിയമനം നൽകുന്നുണ്ട്, ബന്ധു നിയമനം നൽകുകയാണ്. കേരളത്തിലെ ഒരു മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി അളിയനെ നിയമിക്കുകയാണ് നിങ്ങൾ, ഇതെന്തൊരു നാടാണ്. ഇവിടെ എന്തെല്ലാം കോലാഹലം നിങ്ങളുണ്ടാക്കിയിട്ടുണ്ട്. പാവപ്പെട്ട ആളുകളെ വഴിയാധാരമാക്കി തെക്കും വടക്കുമടിച്ച് മന്ത്രി ഓഫീസിൽ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായടക്കം ബന്ധുക്കൾക്ക് നിയമനം നൽകുന്ന തരത്തിലേക്ക് നിങ്ങൾ മാറുകയാണ്. വാക്കും പ്രവർത്തിയും തമ്മിൽ വ്യത്യാസമുണ്ട്. ഞങ്ങൾ അധികാരത്തിലേറിയാൽ ആദ്യം ഒപ്പിടുന്നത് ഇരുപത്തൊന്നായിരം രൂപ ആശാ വർക്കേഴ്സിന് നൽകിക്കൊണ്ടായിരിക്കുമെന്ന് പറഞ്ഞവരാണ് നിങ്ങൾ. പക്ഷെ എന്തായി, അവരെ പറ്റിച്ചില്ലേ നിങ്ങൾ? ഞങ്ങൾ അധികാരത്തിൽ വന്നാൽ മുനമ്പം വിഷയം പത്ത് മിനിട്ടുകൊണ്ട് പരിഹരിക്കുമെന്ന് പറഞ്ഞ് നിങ്ങൾ പറ്റിച്ചില്ലേ? പ്രതിപക്ഷത്തിരുന്ന് എന്തും പറയുന്ന സ്ഥിതിയുണ്ടായിരുന്നു. അതിന് നിങ്ങൾ ഈ കേരളീയ സമൂഹത്തോട് മറുപടി പറയേണ്ടിവരുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട്...... ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായ കേരളത്തിൽ അഴിമതി കൊണ്ടുവരാൻ വേണ്ടിയാണ്

നിങ്ങളിത് ചെയ്യുന്നതെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെടുകയാണ്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, 'സാധാരണ നിലയ്ക്ക് സർക്കാർ സർവീസിൽ റിട്ടയർമെന്റ് സംഭവിക്കും. സെക്രട്ടേറിയറ്റിലെ സ്ഥിതിയെടുത്താൽ ഫെബ്രുവരി മുതൽ മേയ് വരെ 52 റിട്ടയർമെന്റുണ്ടായിരുന്നു. അതിനുപുറമേയാണ് അണ്ടർ സെക്രട്ടറിയും അതിന് മുകളിലുമുള്ള പോസ്റ്റുകളിൽ നിന്ന് 30 പേർ പേഴ്സണൽ സ്റ്റാഫിലേക്ക് മാറിയിട്ടുണ്ട്. മുൻ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നവർ തിരിച്ച് വന്നിട്ടുമുണ്ട്. ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഏഴ് തട്ടിലുള്ളവർ മാറും. അങ്ങനെ വരുമ്പോൾ പതിനാല് പേർക്ക് സ്ഥാനചലനമുണ്ടാകും. ഒരാളാണ് മാറുന്നതെങ്കിലും അതിന്റെ ഫലമായി പതിനാല് പേർക്ക് സ്ഥാന ചലനം സംഭവിക്കും.' ഈ വാക്കുകൾ എന്റേതല്ല, 2016 ജൂൺ 29-ന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അനധികൃത സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച് പി. ടി. തോമസ് അവതരിപ്പിച്ച അടിയന്തരപ്രമേയ നോട്ടീസിന് മറുപടിയായി ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് ഈ സഭയിൽ പറഞ്ഞ വാക്കുകളാണ് ഞാൻ നേരത്തെ ഉദ്ധരിച്ചത്. അന്ന് പി. ടി. തോമസ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് പറഞ്ഞത്, 'അതുകൊണ്ട് അവസാനം പറഞ്ഞ വാക്കുകൾ മുഖവിലയ്ക്കെടുക്കുന്നു. അങ്ങ് പരിശോധിച്ച് തിരുത്തി സത്യസന്ധമായി, ന്യായമായി നീതിയുടെ ഭാഗത്ത് നിൽക്കുന്നൊരു മുഖ്യമന്ത്രിയെന്ന് തെളിയിക്കാനും അത് ചരിത്രത്തിൽ രേഖപ്പെടുത്താനുമുള്ള അവസരം പാഴാക്കില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, ഞാൻ അവസാനിപ്പിക്കുന്നു.' ഇതാണ് പി. ടി. തോമസ് അന്ന് അടിയന്തരപ്രമേയം അവസാനിപ്പിച്ച വാക്കുകളെങ്കിൽ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞ മറുപടി, 'സർ, ബഹുമാന്യനായ അംഗം പി. ടി. തോമസിന് സ്ഥലജലവിഭ്രമം ബാധിച്ചെന്നാണെനിക്ക് തോന്നുന്നത്' എന്നാണ്. ഞങ്ങളത് പറയുന്നില്ല.

2026 ജനുവരി മുതൽ മേയ് 31 വരെ സെക്രട്ടേറിയറ്റിൽ മാത്രം ഇരുന്നൂറോളം റിട്ടയർമെന്റുകൾ നടന്നിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാന സർക്കാർ സർവീസിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ എണ്ണവും അതിനനുസൃതമായി ഉണ്ടായിട്ടുള്ള പ്രൊമോഷനുകളും

ഭരണമാറ്റത്തെത്തുടർന്ന് പേഴ്സണൽ സ്റ്റാഫിലുണ്ടായിട്ടുള്ള മാറ്റങ്ങളും പരിഗണിക്കുമ്പോൾ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെ വാദഗതിയനുസരിച്ചുതന്നെ ഈ നോട്ടീസ് തീർത്തും അപ്രസക്തമാണ്. കഴിഞ്ഞ പത്ത് വർഷക്കാലം യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെ ജീവനക്കാരെ തലങ്ങും വിലങ്ങും സ്ഥലം മാറ്റുകയായിരുന്നു. ഇക്കാലയളവിൽ ഒരു ഡസനിലധികം തവണ സ്ഥലം മാറ്റപ്പെട്ട ജീവനക്കാരുണ്ട്. ഞാൻ സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷന്റെയൊരു മിറ്റീങ്ങിൽ പങ്കെടുക്കാൻ പോയപ്പോൾ, തിരുവനന്തപുരത്തോ സെക്രട്ടേറിയറ്റിന്റെ അകത്തോ പത്ത് വർഷമായി പ്രവേശിക്കാത്ത നിരവധി ജീവനക്കാരവിടെയുണ്ടായിരുന്നു. അവരെ തിരുവനന്തപുരത്ത് നിന്ന് ദൂരസ്ഥലത്തേക്ക് മാറ്റിയിരിക്കുകയാണ്. സെക്രട്ടേറിയറ്റ് ലാ ഡിപ്പാർട്ടുമെന്റിലെ അസോസിയേഷന്റെ ഒരു യോഗത്തിൽ പങ്കെടുത്തപ്പോൾ എവിടെയാണ് വർക്ക് ചെയ്യുന്നതെന്ന് അവരോട് സൗഹൃദ സംഭാഷണത്തിന്റെ ഭാഗമായി ചോദിച്ചപ്പോൾ അവരും പറഞ്ഞത് ഞങ്ങൾ സെക്രട്ടേറിയറ്റ് കണ്ടിട്ട് പത്ത് വർഷമായെന്നാണ്. എന്നാൽ പത്ത് വർഷക്കാലം ഒരേ സീറ്റിലിരുന്ന് വേരിറങ്ങിയവരും സെക്രട്ടേറിയറ്റിലുണ്ട്. അവരെയൊക്കെ തൽക്കാലം ഭരണസൗകര്യാർത്ഥം മാറ്റേണ്ടതായി വരും.

കഴിഞ്ഞ സർക്കാർ സ്വീകരിച്ച നിലപാടായിരിക്കില്ല ഈ സർക്കാരിന്റേത്. നിങ്ങളെ ഞങ്ങളിക്കാര്യത്തിൽ ഒരു കാരണവശാലും മാതൃകയാക്കില്ലെന്ന് നിങ്ങൾക്ക് ഉറപ്പ് നൽകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ മാതൃകയെന്തായിരുന്നു? മഞ്ചേശ്വരത്തെ കടമ്പാർ വില്ലേജിലേക്കാണ് രോഗിയായ, അവിടത്തെ ഭാഷയറിയാത്ത കൊല്ലം ജില്ലക്കാരനായിരുന്ന ഒരു വില്ലേജ് ഓഫീസറായിരുന്ന പോൾ തോമസിനെ സ്ഥലം മാറ്റിയത്. അദ്ദേഹം ഇത് സംബന്ധിച്ച് പരാതി നൽകിയെങ്കിലും പ്രസ്തുത പരാതിക്ക് യാതൊരുവിധത്തിലുള്ള പരിഹാരവുമുണ്ടായില്ല. അവസാനം അദ്ദേഹം ജീവിത നൈരാശ്യം കൊണ്ട് സെപ്റ്റംബർ 09-ന് അദ്ദേഹം ആത്മഹത്യ ചെയ്ത സാഹചര്യം കേരളം കണ്ടു. അത് നിങ്ങളുടെ സർക്കാരിന്റെ കാലത്തായിരുന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാരോട് എങ്ങനെ പെരുമാറുന്നു, രാഷ്ട്രീയ നേതൃത്വം എങ്ങനെ ഇടപെടുന്നുവെന്നതിന് കണ്ണൂരിലെ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ കാര്യം ഞാനിവിടെ പറയണോ? ഇന്നദ്ദേഹത്തിന്റെ ഓർമ്മ വേദനയോടെ അവശേഷിക്കുന്നു. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ

ഇവിടെ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മറ്റാളുകളെയും കണ്ടു. അദ്ദേഹത്തിന്റെ ജീവൻ അവസാനിക്കാനുള്ള കാരണം നിങ്ങൾക്കെല്ലാം അറിയാം. വനിതകൾക്കും സർവീസ് സംഘടനാ ഭാരവാഹികൾക്കും ലഭിക്കേണ്ട പരിരക്ഷ പോലും നിങ്ങളുടെ കാലത്ത് ലഭിച്ചിട്ടില്ല. രാഷ്ട്രീയ കാരണങ്ങളാലും സംഘടനാ വിരോധത്തിനാലും വിദൂരസ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റപ്പെട്ട നൂറ് കണക്കിന് പേർ ഇന്നും അവിടങ്ങളിൽ തന്നെ തുടരുകയാണ്. അവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റം നൽകേണ്ടതുണ്ട്. സ്വാഭാവികമായും മുൻ മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരാൾ മാറിയാലല്ലേ മറ്റൊരാൾക്ക് അവിടേക്ക് വരാനാകൂ. കഴിഞ്ഞ കാലങ്ങളിൽ നീതി നിഷേധിക്കപ്പെട്ടവർക്ക് സ്വാഭാവിക നീതി ലഭിക്കേണ്ട കാര്യങ്ങൾ ഞങ്ങൾ ഉറപ്പുവരുത്തും. ഒരു വകുപ്പിലും വ്യാപകമായ സ്ഥലം മാറ്റം നടത്തിയിട്ടില്ല. ഭരണ സൗകര്യാർത്ഥം ഏതാനും ട്രാൻസ്ഫറുകൾ മാത്രമാണ് നടന്നിട്ടുള്ളത്. ചട്ടവിരുദ്ധവും സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമായി ജീവനക്കാരെ സ്ഥലം മാറ്റുന്നതായും അപ്രകാരം ഭരണ പ്രതിസന്ധിയുണ്ടാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയോ അതുകാരണം പൊതുജനങ്ങൾക്ക് അനിശ്ചിതാവസ്ഥ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. സംതൃപ്തമായൊരു സിവിൽ സർവീസിനെയാണ് ഈ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. നിലവിലെ പൊതു സ്ഥലംമാറ്റങ്ങൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും നടപടി സ്വീകരിച്ചതായി പരാതികൾ വരുന്ന സാഹചര്യമുണ്ടെങ്കിൽ അവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറിച്ചുള്ള ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. ഭരണാനുകൂല സർവീസ് സംഘടനകളുടെ നിർദേശപ്രകാരം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വ്യാപകമായ സ്ഥലംമാറ്റം നടത്തിയെന്ന ആക്ഷേപം തെറ്റാണ്. ഈ ആരോപണങ്ങൾക്ക് മറുപടി നൽകാൻ ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്തയുണ്ട്. നിങ്ങളുടെ കാലത്ത് ഭരണാനുകൂല യൂണിയനുകളുടെ ആവശ്യപ്രകാരം സ്ഥലം മാറ്റപ്പെട്ട ഒരു വനിതാ ഉദ്യോഗസ്ഥയ്ക്ക് കേരളത്തിലെ പുതിയ സർക്കാർ വന്നിട്ടാണ് അവരുടെ റിട്ടയർമെന്റ് ദിവസമെങ്കിലും സെക്രട്ടേറിയറ്റിൽ വന്ന് ഒപ്പിടാനുള്ള സാഹചര്യമുണ്ടായത്. ന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ഈ സർക്കാർ പ്രവർത്തിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റൊരു കാര്യം, ബഹുമാനപ്പെട്ട മന്ത്രിമാർക്കും മുഖ്യമന്ത്രിക്കുമെതിരെ ഫേസ് ബുക്ക് പോസ്റ്റിട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യമാണ്. 28-01-2019-ൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 164, ഡോ. എം. കെ. മുനീർ.....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇക്കാര്യം ആരും ഉന്നയിച്ചിട്ടില്ല. (മൈക്ക് ഓഫ്).

ശ്രീ. സണ്ണി ജോസഫ്: സർ, നിങ്ങളുടെ നോട്ടീസിലും പ്രമേയത്തിലും വിശദീകരണ കുറിപ്പിലും ഇക്കാര്യമുണ്ട്. അത് കേൾക്കാൻ ബുദ്ധിമുട്ടുണ്ടോ? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അധിക്ഷേപവും അപകീർത്തിപ്പെടുത്തലും നടത്തിയതിന് എത്ര സർക്കാർ-അർധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ എന്ന 2019-ലെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരം, 41 പേർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നായിരുന്നു. അടുത്ത ചോദ്യം, എന്ത് ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഉത്തരം: 12 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും 29 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തു എന്നാണ്. ഞങ്ങൾ ഏതായാലും പ്രതികാരത്തിന്റെ അടിസ്ഥാനത്തിലുള്ള യാതൊരു നടപടികളും സ്വീകരിക്കുന്നതല്ല. ഈ സർക്കാരിന്റെ നയം വളരെ വ്യക്തമാണ് സർക്കാർ ജീവനക്കാരുമായി സഹകരിച്ചുപോകാൻ ഞങ്ങൾ പൂർണ്ണമായും ആത്മാർഥമായും ആഗ്രഹിക്കുന്നു. എല്ലാവരുടേയും സഹകരണം അതിന് അഭ്യർഥിക്കുന്നു. ഈ ഉപക്ഷേപം ചർച്ച ചെയ്യേണ്ട യാതൊരു ഗൗരവവുമില്ലെന്നുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ മുഖ്യമന്ത്രിക്കുവേണ്ടി വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടി തീർത്തും നിർഭാഗ്യകരമായ ഒന്നാണ്. സർക്കാർ ജീവനക്കാർ ഭരണഘടനാപരമായി ഭരണ നിർവഹണത്തിന്റെ ഭാഗമാണെന്ന് എല്ലാവർക്കുമറിയാം. സർക്കാരിന്റെ പരിപാടികളും പദ്ധതികളും നടപ്പാക്കുന്നത് എക്സിക്യൂട്ടീവിന്റെ ഭാഗമായ ഉദ്യോഗസ്ഥരാണ്. അവരുടെ സേവന വ്യവസ്ഥകൾ നിയമപ്രകാരവും ചട്ടപ്രകാരവും സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. കാലാകാലങ്ങളായി ജീവനക്കാരുടെ നിയമനത്തിലും സ്ഥലംമാറ്റത്തിലുമെല്ലാം വ്യവസ്ഥാപിതമായ മാർഗങ്ങൾ

നിലവിലുള്ളതാണ്. പക്ഷേ, ഭരണപക്ഷത്തുനിന്ന് വിളിച്ച് പറഞ്ഞതുപോലെ ഭരണ മാറ്റമുണ്ടായി എന്നതിന്റെ പേരിൽ ജീവനക്കാരെ അന്യായമായും ചട്ട വിരുദ്ധമായും സ്ഥലംമാറ്റുന്ന നടപടിയാണുണ്ടായിട്ടുള്ളത്. എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തുന്ന നിലയാണ് സ്വീകരിച്ചത്. ഇവിടെ ബഹുമാന്യനായ ഉപക്ഷേപാവതാരകൻ കൃത്യമായി രേഖതന്നെ ഉദ്ധരിക്കുകയുണ്ടായി. ഒരു ഭരണകക്ഷി അനുകൂല സർവീസ് സംഘടന ഇന്നയിന്ന മാറ്റങ്ങൾ വരുത്തണമെന്ന് നിർദേശം നൽകുകയാണ്. അതുപോലെതന്നെ അക്കാര്യം നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഇങ്ങനെ മാറ്റിയവരെ നോക്കിയാൽ ഗുരുതരമായ രോഗം ബാധിച്ചവർ, ദീർഘകാലമായി ചികിത്സയിലിരിക്കുന്നവർ, റിട്ടയർ ചെയ്യാൻ ഏതാനും ദിവസങ്ങൾ മാത്രം ബാക്കിയുള്ളവർ, വനിതകൾ, ക്ലാസ് IV വിഭാഗം ജീവനക്കാർ, പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഇങ്ങനെയെല്ലാമുള്ളവർ സാധാരണ നിലയ്ക്ക് പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. പക്ഷേ അവരെയെല്ലാം തലങ്ങും വിലങ്ങും സ്ഥലം മാറ്റിയിരിക്കുന്നു. മനുഷ്യത്വരഹിതമായി വിദൂര സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. തീയതിയുൾപ്പെടെ ഇവിടെ കൃത്യമായി ഉപക്ഷേപാവതാരകൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് തന്നെ ഒരു മാനദണ്ഡവുമില്ലാതെ സർക്കാർ ജീവനക്കാരെ സ്ഥലം മാറ്റുന്നതിന് ഇടയാക്കിയ ചില സംഘടനാ ഭാരവാഹികൾ നൽകിയ കത്ത്, അതിന്റെ ഭാഗമായി നടപടിയെടുത്ത ഉദ്യോഗസ്ഥർ, അതിന് ആരാണ് അധികാരം നൽകിയത്; എങ്ങനെയാണ് അത്തരമൊരു അധികാര വിനിയോഗം നടന്നത്; ആരാണ് ഇവരെ ഇതിന് ചുമതലപ്പെടുത്തിയത്; നിയമപ്രകാരം ഇവർക്ക് എന്ത് അധികാരമാണ് ഇതിനൊക്കെയുള്ളത്? ഇത്തരം ഉത്തരവുകൾ പുറപ്പെടുവിച്ച ഉദ്യോഗസ്ഥർ അവർ ആരായാലും ഇതെല്ലാം പൊതു താൽപര്യത്തിനാണെന്നാണ് എഴുതി വച്ചിരിക്കുന്നത്. അവർക്ക് സ്ഥാനമാനങ്ങൾ നൽകിയതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അത് കൃത്യമായി കാര്യങ്ങൾ ചെയ്തതിന്റെ ഉപകാര സ്മരണയായിരിക്കാം. പൊതുതാൽപര്യം നിശ്ചയിക്കാൻ ഇവർക്ക് ആരാണ് അധികാരം നൽകിയിട്ടുള്ളത്? ഇത്തരം ഉത്തരവുകൾ പ്രഥമ ദൃഷ്ടിയാൽ ശരിയല്ലെന്ന് കണ്ടതുകൊണ്ടാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവുകൾ സ്റ്റേ ചെയ്യുന്ന നിലയുണ്ടായത്. അത് യഥാർഥത്തിൽ ഗൗരവത്തിലെടുക്കേണ്ടൊരു കാര്യമല്ലേ? ഇവിടെ സംഘടനാ ലെറ്റർ ഹെഡിൽ സ്ഥലംമാറ്റ നിർദേശം നൽകി അതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഇടയാക്കി അത്തരം വകുപ്പ് മേധാവികളെ ഭീഷണിപ്പെടുത്തി ഉത്തരവിറക്കിച്ചവരുണ്ട്. അത്തരം

ആളുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാകേണ്ടതായിട്ടുണ്ട്. മാനദണ്ഡങ്ങൾ മറികടന്ന് ഇതേവരെ നടത്തിയിട്ടുള്ള സ്ഥലം മാറ്റങ്ങളെല്ലാം പുനഃപരിശോധിക്കുകയും അത് റദ്ദാക്കുകയും ചെയ്യുന്നതിനുള്ള ആർജ്ജവം സർക്കാർ കാണിക്കേണ്ടതായിട്ടുണ്ട്. ചില സ്ഥാപിത താൽപര്യക്കാരെ അഴിഞ്ഞാടാൻ വിട്ടാൽ എങ്ങനെയാണ് ജനതാൽപര്യം സംരക്ഷിക്കാനാകുക? ഈ രീതിയാണ് തുടരാൻ പോകുന്നതെങ്കിൽ കാണേണ്ടത് അധികാരത്തിന്റെ ഇടനാഴികളിൽ പവർ ബ്രോക്കർമാരും ദല്ലാളന്മാരും ആധിപത്യം സ്ഥാപിച്ച് വലിയ തോതിലുള്ള അഴിമതിക്ക് വഴിയൊരുക്കുമെന്നാണ്. ഈ രീതി തിരുത്തിയെ പറ്റൂ. അത് ഭരണമാറ്റത്തിന്റെ പേരിൽ ന്യായീകരിക്കുന്നത് ഒരു തരത്തിലും യോജിച്ചതല്ല. ഈ അനീതിക്കെതിരെ ജീവനക്കാർ പ്രക്ഷോഭരംഗത്ത് വന്നത് കണ്ടില്ലേ? ഇന്നലെ നടന്ന നിയസഭാ മാർച്ച് ഒരു മുന്നറിയിപ്പായി കാണേണ്ടതായിട്ടുണ്ട്. രണ്ടായിരത്തോളം ജീവനക്കാരെയാണ് ഈ ചുരുങ്ങിയ കാലയളവിൽ സ്ഥലം മാറ്റിയിട്ടുള്ളത്. പേഴ്സണൽ സ്റ്റാഫിലേക്ക് വരുന്നയാളുകൾ അങ്ങോട്ടുമിങ്ങോട്ടും പോയതിന്റെ ഭാഗമായിട്ടുള്ള എണ്ണമല്ലേ ഇത്. ഇവിടെ ഓർക്കേണ്ട കാര്യം, 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 2017 ഫെബ്രുവരി 25-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിന് അനുസൃതമായി ഓരോ വകുപ്പും പ്രത്യേക നിബന്ധനകൾ ഉൾപ്പെടുത്തി ഓൺലൈൻ സ്ഥലം മാറ്റം പ്രാവർത്തികമാക്കിയിരുന്നു. ഇതോടെ സംഭവിച്ചൊരു കാര്യം സ്ഥലം മാറ്റം സുതാര്യവും മാനദണ്ഡ പ്രകാരവും അഴിമതി രഹിതവുമായി എന്നതാണ്. ആ തരത്തിലാണ് ഇവിടെ സ്ഥലം മാറ്റം നടന്നിരുന്നത്. അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് നടപടികൾ പൂർത്തീകരിക്കുകയെന്ന കാഴ്ചപ്പാടോടെയാണ് വിവിധ വകുപ്പുകൾ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നത്. അതനുസരിച്ച് നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കിയ കാര്യങ്ങൾ നടപ്പാക്കാൻ ആ ഘട്ടത്തിൽ പെരുമാറ്റചട്ടം വന്നതുകൊണ്ട് സാധിച്ചിട്ടുണ്ടാകില്ല. അത് കൃത്യമായി പരിശോധിച്ചല്ലേ കാര്യങ്ങൾ ചെയ്യേണ്ടിയിരുന്നത്; അതിൽ എന്ത് അപാകതയാണ് നിങ്ങൾക്ക് കാണാൻ കഴിയുന്നത്? ഇവിടെ മറ്റൊരു പ്രശ്നംകൂടി ഞാൻ ഉന്നയിക്കുകയാണ്. അത് കുടുംബശ്രീയുമായി ബന്ധപ്പെട്ടതാണ്. കരാറടിസ്ഥാനത്തിൽ തുടർച്ചയായി സേവനം നടത്തിവരുന്ന അവിടെയുള്ള ജീവനക്കാരിൽ ചിലരെ നോട്ടീസ് പോലും നൽകാതെ പിരിച്ചുവിടുന്ന നടപടിയിലേയ്ക്ക് കടക്കുന്നുവെന്ന വാർത്തകൾ വന്നിട്ടുണ്ട്.

ഇവർക്കെല്ലാം സ്ഥിരനിയമനത്തിന് അർഹതയുണ്ടെന്ന് വിവിധ ഘട്ടങ്ങളിൽ കോടതികൾതന്നെ വ്യക്തമാക്കിയ കാര്യമാണ്. ഇത്തരത്തിലുള്ള ആളുകളുടെ ജോലി കളയുന്നത് ഒരുതരത്തിലും മനുഷ്യത്വപരമായിരിക്കില്ലെന്നത് ഓർമ്മിക്കണം. ഇവിടെ അദ്ദേഹം പരാമർശിക്കപ്പെടാത്ത ഒരു കാര്യത്തെപ്പറ്റി പറയുകയുണ്ടായി. അതുംകൂടി സ്പർശിച്ച് പോകുന്നത് നല്ലതാണെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: അങ്ങേക്ക് സംസാരിക്കാൻ ഇനി എത്രസമയംകൂടി ആവശ്യമാണ്?

ശ്രീ. പിണറായി വിജയൻ: സർ, രണ്ട് മിനിട്ടിൽ അവസാനിപ്പിക്കാം. നവമാധ്യമങ്ങളിൽ വരുന്ന ചില ട്രോളുകൾ ഷെയർ ചെയ്തതിന്റെ പേരിൽ റിട്ടയർമെന്റിന്റെ തൊട്ടുമുമ്പ് ജീവനക്കാരെ സർവീസിൽനിന്ന് സസ്പെന്റ് ചെയ്യുന്ന നടപടിയെടുത്തതായി കാണാൻ സാധിച്ചു. അത് എത്രമാത്രം ക്രൂരതയാണെന്ന് ഓർക്കണം. അസഹിഷ്ണുതാപരമായ നടപടിയായിട്ടാണ് അത് മാറുന്നത്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. കൃത്യമായ സർവീസ് സീനിയോറിറ്റിയും പരിഗണനാർഹമായ ഇതരയോഗ്യതകളുമനുസരിച്ച് സുതാര്യമായാണ് കേരളത്തിൽ പൊതുസ്ഥലംമാറ്റം നടത്തിവരുന്നത്. അത് അട്ടിമറിക്കുന്നത് തീർത്തും ജനാധിപത്യവിരുദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ ഇത്തരം നടപടികൾ ആവർത്തിക്കുമെന്ന സൂചനയാണുണ്ടായിട്ടുള്ളത്. നീതിരഹിതമായ സ്ഥലമാറ്റം തുടരുമെന്ന തരത്തിലാണ് അദ്ദേഹം ഇവിടെ പ്രഖ്യാപനം നടത്തിയിട്ടുള്ളത്. അതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. രാജൻ: സർ, വളരെ ഗൗരവമുള്ള വിഷയം തന്നെയാണ് ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് ആധാരമായിട്ടുള്ളത്. വിശദാംശങ്ങൾ ഇവിടെപ്പറഞ്ഞതുകൊണ്ട് ഞാനത് വീണ്ടും വിശദീകരിക്കുന്നില്ല. വിവിധ സർക്കാർ വകുപ്പുകളിലെ സ്ഥലംമാറ്റങ്ങളെക്കുറിച്ച് ആധികാരികമായി പഠിച്ച് മാനദണ്ഡങ്ങളനുസരിച്ച് ഇറക്കിയ 03/2017 സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ___വകുപ്പുകൾ

ഓൺലൈനായി നടത്തണമെന്ന് നിശ്ചയിച്ചതിന് ശേഷം നടന്ന കാര്യമാണ് ഇവിടെ ചർച്ചയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ടത്. ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെയും ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞതുപോലെയും ഒരു ഗവൺമെന്റ് മാറിവരുമ്പോൾ നയപരമായ കാര്യങ്ങൾ ഉൾപ്പെടെ പ്രവർത്തന സൗകര്യാർഥം ചില മാറ്റങ്ങളുണ്ടാകുമെന്നുള്ളത് സാധാരണയാണെന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ മാനദണ്ഡങ്ങളാകെ കാറ്റിൽപ്പറത്തി സത്യപ്രതിജ്ഞയ്ക്കുമുമ്പ് നടന്ന ട്രാൻസ്ഫറുകളെക്കുറിച്ച് പറഞ്ഞല്ലോ; അങ്ങേയ്ക്ക് അറിയാവുന്നതുപോലെ സത്യപ്രതിജ്ഞയ്ക്കുശേഷം ഓരോ വകുപ്പിന്റെയും മന്ത്രിമാർ ആരാണെന്നോ ഏതൊക്കെ പാർട്ടികൾക്കാണ് ആ വകുപ്പുകളെന്ന് തീരുമാനിക്കുകയോ ചെയ്യുന്നതിനുമുമ്പ് ചില സർവീസ് സംഘടനകളുടെ പ്രത്യേക നിർദേശപ്രകാരം, അക്കാര്യം വിശദീകരണ കുറിപ്പിൽത്തന്നെ രേഖപ്പെടുത്തിക്കൊണ്ടുള്ള സ്ഥലംമാറ്റങ്ങൾ യഥാർഥത്തിൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെ മേഖലയിൽ ഗുണകരമായ ഒന്നാണോയെന്ന് അങ്ങ് പരിശോധിക്കുമോ? നേരത്തെ അങ്ങുതന്നെ ഇവിടെ ചില കാര്യങ്ങൾ വായിച്ചതിനാൽ ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല.

കേരള എൻ.ജി.ഒ. അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. എം. ജാഫർഖാന്റെ പേരിൽ വഴുതക്കാടുള്ള മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പിന് അയച്ചുകൊടുത്ത കത്തിന്റെ പകർപ്പാണ് എന്റെ കൈവശമുള്ളത്. ഇത് വ്യാപകമായി സർക്കാർ ജീവനക്കാരുടെ ഇടയിൽ പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. വഴുതക്കാടുള്ള ആളെ വടക്കാഞ്ചേരിയിലേക്കും തലശ്ശേരിയിലുള്ള ആളെ മാനന്തവാടിയിലേക്കും സ്ഥലം മാറ്റുകയാണ് ചെയ്യുന്നത്. ഏത് ഉദ്യോഗസ്ഥ താൽപര്യത്തിനും ഏത് ഔദ്യോഗിക സംവിധാനത്തിനുംവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്; ഇങ്ങനെയൊരു കത്ത് നൽകുകയും അത് നാട്ടിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നതിന്റെ പിന്നിലെ താൽപര്യങ്ങൾ എന്താണ്; നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞതുകൊണ്ട് മാത്രം പ്രശ്നം തീരുമോ? ഇത് ഗുരുതരമായ വിഷയമാണെന്ന് അങ്ങേയ്ക്കറിയാം. മേയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും അധ്യയനവർഷം ആരംഭിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിൽനിന്ന് എത്രയോ രേഖകൾ കൊടുക്കേണ്ട സമയമാണിത്. ആ സമയത്ത് വില്ലേജ് ഓഫീസർമാരെ തലങ്ങും

വിലങ്ങും മാറ്റിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ വില്ലേജ് ഓഫീസർമാരെ മാറ്റാനുദ്ദേശിക്കുന്നുണ്ടെങ്കിൽ, ജൂൺ മാസം കഴിഞ്ഞിട്ട് മാറ്റാനുള്ള തീരുമാനമെങ്കിലുമുണ്ടാകണം. മേയ്-ജൂൺ മാസങ്ങളിൽ തലങ്ങും വിലങ്ങും മാറ്റിയാൽ, നിയമപരമായി സ്ഥലം മാറ്റുമ്പോൾ ജോയിനിങ് സമയം 7 ദിവസംകൂടി അവർക്ക് എടുക്കാൻ സാധിക്കും. അതുകൂടിയായാൽ ഇത്തവണത്തെ സ്കൂൾ/കോളേജ് അഡ്മിഷനുകൾക്കായി എങ്ങനെയാണ് വില്ലേജ് ഓഫീസിൽനിന്നുള്ള രേഖകൾ നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്നത്; സെൻസസ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരെ 2027 മാർച്ച് മാസം വരെ സ്ഥലംമാറ്റാൻ പാടില്ലെന്ന ഗവൺമെന്റ് ഉത്തരവ് നിലനിൽക്കുമ്പോൾത്തന്നെ സെൻസസ് ഡ്യൂട്ടിയിൽ ചുമതലപ്പെട്ട ആളുകളെ ഉൾപ്പെടെ മാറ്റുകയാണ്. റവന്യൂ വകുപ്പ് എച്ച്.ആർ.എം.എസ്. നിലനിന്നിരുന്ന ഒരു സ്ഥലമാണ്. ഒരു സ്റ്റേഷനിലേയ്ക്ക് നിയമിക്കപ്പെടുന്നവരെ ആ സ്റ്റേഷനകത്ത് മാറ്റാം. 3 കൊല്ലം വരെ അവർക്ക് ആ സ്റ്റേഷനകത്ത് പ്രവർത്തിക്കാൻ സാധിക്കുമെന്നിരിക്കെ ആ സ്റ്റേഷൻ വിട്ട് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് പിന്നിലെ മാനദണ്ഡമെന്താണ്? ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ എൻ.ജി.ഒ. അസോസിയേഷന്റെ ഏറ്റവും ഉന്നതനായ ഒരു നേതാവിനെ വിജിലൻസ് പിടികൂടുകയുണ്ടായി. ശ്രീ. പിണറായി വിജയന്റെ വിജിലൻസ് അല്ല, മുഖ്യമന്ത്രിയായ ശ്രീ. വി. ഡി. സതീശന്റെ വിജിലൻസുതന്നെ എൻ.ജി.ഒ. നേതാവിനെ പിടികൂടുകയും ഇതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉയർന്നുവരികയും ചെയ്തില്ലേ; ആലപ്പുഴ ജില്ലയിലെ റവന്യൂ മേഖലയിൽ നടത്തിയ കൂട്ടസ്ഥലമാറ്റം പൂർണ്ണമായും റദ്ദ് ചെയ്തുകൊണ്ട് KAT (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ) നടത്തിയ പ്രസ്താവന ഈ ഘട്ടത്തിൽ വായിക്കേണ്ടതല്ലേ; തിരുവനന്തപുരത്ത് പ്ലാനിങ് ബോർഡിന്റെ വൈസ് ചെയർമാന്റെ പി.എ. ചെയർമാൻ സ്ഥാനം ഒഴിഞ്ഞ് വീണ്ടും ജോലിയിലേക്ക് പ്രവേശിക്കാൻ വന്നപ്പോൾ ഇവിടെ ഒഴിവുണ്ടായിട്ടും നിയമിക്കാതെ തൃശ്ശൂരിലേക്ക് മാറ്റുകയാണ് ചെയ്തത്. അതിൽ പ്രശ്നമില്ല. എന്നാൽ തൃശ്ശൂരിൽ സീറ്റ് ഒഴിവില്ലാത്തതുകാരണം പി.എസ്.സി.-യിലൂടെ ജോലി ലഭിച്ച ഒരു കുട്ടിയെ ജോലിയിൽനിന്ന് ഡിസ്ചാർജ് ചെയ്തിട്ടാണ് അവിടെ നിയമിക്കാൻ തീരുമാനിച്ചത്. ഇത് ഏത് മാനദണ്ഡമാണ്; ഏത് മര്യാദയാണ്; തൃശ്ശൂരിൽ ജോലി ലഭിച്ചയാളെ മാറ്റിയശേഷം പ്രതികാരനടപടിയുടെ ഭാഗമായി അവിടെ ഇപ്രകാരം നിയമിക്കുന്നത് ശരിയാണോ? അത്തരം ഉത്തരവിറക്കുന്ന

അധികാരികൾ നിയമപരമായ നടപടികൾക്ക് വിധേയമാകേണ്ടി വരും. ഇവിടെ ഇങ്ങനെയൊരു വിഷയം ഉന്നയിച്ചപ്പോൾത്തന്നെ ഇനിയും ഇങ്ങനെയുള്ള ഉത്തരവിറക്കും എന്ന രീതിയിലുള്ള ഏറ്റവും നിഷേധാത്മകമായ സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ, നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് സർക്കാർ ജീവനക്കാരെ വ്യാപകമായി സ്ഥലം മാറ്റുന്നത്. ഗുരുതര രോഗമുള്ളവർ, ചികിത്സയിലുള്ളവർ, വിരമിക്കാൻ ദിവസങ്ങൾ മാത്രമുള്ളവർ, വനിതകൾ, ക്ലാസ് ഫോർ ജീവനക്കാർ തുടങ്ങി പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ ഉൾപ്പെടെ വിദൂര സ്ഥലങ്ങളിലേയ്ക്ക് സ്ഥലംമാറ്റുകയും വേണ്ടപ്പെട്ടവരെ അവർ ആവശ്യപ്പെടുന്ന സ്ഥലത്ത് നിയമിക്കുകയും ചെയ്യുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്.

മി. സ്പീക്കർ: ഇതെല്ലാം ഒരാവൃത്തി പറഞ്ഞതാണ്. പുതുതായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് പറയൂ.

ശ്രീ. പി. കെ. പ്രവീൺ: സർ, സർക്കാരിന്റെ സത്യപ്രതിജ്ഞയ്ക്കുമുമ്പുതന്നെ ഇത്തരം സ്ഥലംമാറ്റ നടപടികളുണ്ടായിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. ഞാൻ മറ്റൊന്നും പറയുന്നില്ല. മെയ് 2-ന് വിദ്യാലയങ്ങളിൽ പുതുതായി അഡ്മിഷൻ ആരംഭിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം വന്നതോടുകൂടി സ്കൂളുകളിൽ ചേർത്ത അവരുടെ മക്കളെ വീണ്ടും മാറ്റി ചേർക്കേണ്ട ദുരവസ്ഥയാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ പത്ത് വർഷക്കാലം മുൻസർക്കാർ നടപ്പിലാക്കിയ വിദ്യാഭ്യാസ മേന്മയുടെ അടിസ്ഥാനത്തിൽ ഏത് സ്കൂളിൽ പോയാലും നല്ല നിലയിലുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭിക്കും. എന്നാൽ വിദ്യാർത്ഥികളുടെ മാനസികാവസ്ഥയെ വല്ലാതെ ബാധിക്കുന്ന സാഹചര്യമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ നടപടി കൃത്യമായ രീതിയിലല്ല. അത് പുനരാലോചിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

*03-06-2026*
*Adjournment motion*

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)